പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 118 — 06/01/2014 ൽ മറുപടി നൽകേണ്ടിയിരുന്നത്

## ദുരിതാശ്വാസ നിധിയിൽ നിന്ന് വക മാറ്റി ചെലവഴിച്ച തുക

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. എം. എ. ബേബി | | ശ്രീ. ഉമ്മൻ ചാണ്ടി (ബഹു. മുഖ്യമന്ത്രി) |
| (എ) മുഖ്യ മന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് പണം സ്വരൂപിക്കുന്നത് ഏതെല്ലാം മാർഗ്ഗങ്ങളിലൂടെയാണ് ; | (എ) | പൊതുജനങ്ങളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും അവശ്യ ഘട്ടത്തിൽ സർക്കാരിൽ നിന്നുമുള്ള സംഭാവനവഴിയാണ് മുഖ്യ മന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് പണം സ്വരൂപിക്കുന്നത് |
| (ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഇത്തരത്തിൽ എന്ത് തുക സ്വരൂ പിച്ചിട്ടുണ്ട് ; | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആകെ 235,94,47,181 രൂപ (ഇരുനൂറ്റിമുപ്പത്തിയഞ്ച് കോടി തൊണ്ണൂറ്റിനാല് ലക്ഷത്തി നാല്പത്തി ഏഴായിരത്തി നൂറ്റി എൺപത്തിയൊന്ന് രൂപ മാത്രം) (2011 മെയ് 18 മുതൽ 2013 ഡിസംബർ 31 വരെ) നിധിയിലേക്ക് സ്വരൂപിച്ചിട്ടുണ്ട്. ഇതിൽ 2.70 കോടി രൂപ ചാല ടാങ്കർ ദുരന്തത്തിന് ഇന്ത്യൻ ഓയിൽ കോർപ്പറേഷനിൽ നിന്ന് നഷ്ടപരിഹാരമായി ലഭിച്ചതാണ്. |
| (സി) മുഖ്യ മന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്കുള്ള സർക്കാർ വിഹിതം എത്രയാണ്; ഇതെങ്ങനെ കണക്കാക്കുന്നു എന്നറിയിക്കുമോ; കഴിഞ്ഞ മൂന്ന് വർഷത്തെ സർക്കാർ വിഹിതം എത്രയായിരുന്നു; വർഷം തിരിച്ച് കണക്ക് ലഭ്യമാക്കാമോ; | (സി) | മുഖ്യ മന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്കുള്ള സർക്കാർ വിഹിതം പ്രത്യേകമായി നിജപ്പെടുത്തിയിട്ടില്ല. 2011-12 ലെ ബജറ്റിൽ 1000 രൂപ ടോക്കൺ മണിയായി നീക്കിവെച്ചിരുന്നു. 2012-13 ൽ അഞ്ച് കോടി രൂപയും 2013-14 ൽ പതിനഞ്ച് കോടി രൂപയും ബജറ്റിൽ "2075-00-800-40 Contribution to CMDRF (NP)" എന്ന ശീർഷകത്തിൽ അനുവദിച്ചിരുന്നു. നിധിയിലേക്ക് പൊതുജനങ്ങളിൽ നിന്നുള്ള സംഭാവന ധനസഹായ വിതരണത്തിന് തികയാതെ വരുന്ന അടിയന്തിര ഘട്ടങ്ങളിൽ സർക്കാർ സംഭാവന നൽകുന്നു. |
| (ഡി) ദുരിതാശ്വാസ നിധിയിൽ നിന്ന് കഴിഞ്ഞ മൂന്ന് വർഷത്തിനുള്ളിൽ എന്ത് തുകവീതം എന്തെല്ലാം ആവശ്യങ്ങൾക്ക് വകമാറ്റി ചെലവഴിക്കേണ്ടതായി വന്നിട്ടുണ്ട് എന്നറിയിക്കുമോ; | (ഡി) | കഴിഞ്ഞ മൂന്ന് വർഷത്തിനുള്ളിൽ ദുരിതാശ്വാസ നിധിയിൽ നിന്ന് തുക വകമാറ്റി ചെലവഴിച്ചിട്ടില്ല. |

| | |
|---|---|
| (ഇ) ജനസമ്പർക്ക പരിപാടിയിലൂടെ ദുരിതാശ്വാസം അനുവദിക്കാൻ പ്രത്യേക ഫണ്ട് ലഭ്യമാക്കിയിട്ടുണ്ടോ; എങ്കിൽ എന്ത് തുകയെന്നറിയിക്കുമോ; ജനസമ്പർക്ക പരിപാടിയിലൂടെയല്ലാതെ സാധാരണഗതിയിൽ ലഭിക്കുന്ന അപേക്ഷകർക്ക് നൽകുന്നതിനായി നിധിയിൽ വകയിരുത്തപ്പെട്ട തുക വകമാറ്റി ചെലവഴിച്ചിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം ഘട്ടങ്ങളിൽ എന്തു തുക വീതം എന്ന് വിശദമാക്കുമോ? | (ഇ) ജനസമ്പർക്ക പരിപാടിയിലൂടെ ദുരിതാശ്വാസം അനുവദിക്കുന്നത് മുഖ്യ മന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നാണ്. ഇതിന് പ്രത്യേക ഫണ്ട് ലഭ്യമാക്കിയിട്ടില്ല. ദുരിതാശ്വാസ നിധിയിൽ നിന്നും തുക വകമാറ്റി ചെലവഴിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ.